

# വാർത്തകളും കുറിപ്പുകളും

**വാർഷിക പൊതുയോഗം 2025–26**

സഭയുടെ വാർഷിക പൊതുയോഗം മഹായിടവക ബിഷപ്പിന്റെ അനുമതിയോടെ ജൂലൈ മാസം 12 ഞായറാഴ്ച രാവിലെ 7.30 നുള്ള സംയുക്തരാധനക്കു ശേഷം നടത്തുന്നതാണ്. 2025–26 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവുചിലവുകണക്കുകളും 2026–27 വർഷത്തെ ബഡ്ജറ്റും അവതരിപ്പിക്കുന്നതാണ്. പൊതുയോഗത്തിനുശേഷം നെടുങ്ങാടപ്പള്ളിയിലേക്കു സ്ഥലം മാറ്റം ലഭിച്ചുപോയ മുൻ ഇടവകവികാരി അലക്സ് പി ഉമ്മൻ അച്ചന് സമുചിതമായ ഒരു യാത്രയയപ്പു നൽകുന്നതാണ്. എല്ലാ സഭാംഗങ്ങളും പൊതുയോഗത്തിലും യാത്ര അയപ്പ് യോഗത്തിലും പങ്കെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു . അലക്സച്ചന്റെ മടക്കയാത്രയിൽ ക്രൈസ്റ്റ് ചർച്ച് പ്രതിനിധികൾ അദ്ദേഹത്തെ നെടുങ്ങാടപ്പള്ളി വരെ അനുഗമിക്കുന്നതാണ്. പൊതുയോഗദിവസം യോഗങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ക്രമീകരിച്ചിട്ടുണ്ട്.

**സഭയുടെ ത്രൈ വാർഷിക തെരെഞ്ഞെടുപ്പ്**

2026–29 കാലയളവിലേക്കുള്ള സഭയുടെ ഭാരവാഹികളെ തെരഞ്ഞെടുക്കവാനുള്ള പൊതുയോഗം മഹായിടവക ബിഷപ്പിന്റെ അനുമതിയോടെ ജൂലൈ മാസം 19 ഞായറാഴ്ച രാവിലെ 7.30 നുള്ള സംയുക്തരാധനക്കു ശേഷം നടത്തുന്നതാണ്. സഭയുടെ ആത്മീയ ഭൗതീക മേഖലകളിൽ പുരോഗതി നേടിത്തരുവാൻ കഴിവുള്ള ഒരു നേതൃത്വത്തെ തെരെഞ്ഞുടുക്കുവാനായി പ്രാർത്ഥനയോടെ എല്ലാ സഭാംഗങ്ങളും തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകണമെന്നഭ്യർത്ഥിക്കുന്നു. 2025–26 അന്തിമ വോട്ടർ പട്ടിക മഹായിടവക ബിഷപ്പിന്റെ അനുമതിയോടെ 14–6–26 നു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സി.എസ്.ഐ. മഹായിടവക ദിനം**

ജൂലൈ മാസം 25, 148–ാമത് സി. എസ്. ഐ. മഹായിടവക ദിനമായി ആചരിക്കുന്നു. അന്ന് മഹായിടവകയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വച്ച് വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു. കൂടാതെ ജൂലൈ 11 സി.എം.എസ്. കോളേജ് കോട്ടയത്ത് വച്ച് ഒരു ചരിത്ര സെമി

നാറും ജൂലൈ 18-ന് മാവേലിക്കരയിൽ മേഖലാ സമ്മേളനവും നടത്തുന്നു. ജൂലൈ 19 പ്രാദേശിക ഇടവകകൾ പതാക ദിനമായി ആചരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ, യുവജനങ്ങൾ, ഗായകസംഘങ്ങൾ എന്നിവർക്കായി സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ വിശദവിവരങ്ങൾ 19.6.26 ന് വാട്സാപ്പ് ഗ്രൂപ്പിൽ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ. പങ്കാളിത്തം ഉറപ്പാക്കണം എന്നഭ്യർത്ഥിക്കുന്നു.

**മഹായിടവക ദിന മേഖലാ ആഘോഷങ്ങൾ**

ജൂലൈ 25-നു നടത്തുന്ന മഹായിടവക ദിനാഘോഷങ്ങൾക്കു മുന്നോടിയായി നടത്തുന്ന മേഖലാ തലത്തിലുള്ള ആഘോഷങ്ങളുടെ ഭാഗമായി നാം ഉൾപ്പെടുന്ന തെക്കൻ മേഖലയുടെ മഹായിടവക ദിനാഘോഷ സമ്മേളനം ജൂലൈ 18-നു മാവേലിക്കര ക്രൈസ്റ്റ് ചർച്ച് പാരിഷ് ഹാളിൽ വച്ച് വിപുലമായി നടത്തുന്നു. പരമാവധി പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

**പുതിയ മോട്ടോർ സൈക്കിൾ**

കപ്യാർ ജസ്റ്റിന് സഭയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുപയോഗിക്കുന്നതിനായി സഭ വാങ്ങിയ പുതിയ ബൈക്കിന്റെ താക്കോൽ 7-6-26 മലയാളം ആരാധനക്ക് ശേഷം ഇടവകവികാരി പ്രാർത്ഥിച്ചു കൈമാറുകയുണ്ടായി.

**അത്മായ ഞായർ**

2-8-26 ഞായർ അത്മായ ഞായറായി മഹായിടവക ആചരിക്കുകയാണ്. ഇടവകയിലെ ആചരണത്തിനു നേതൃത്വം നൽകുവാൻ ആത്മായ സംഘടന നേതൃത്വം ശ്രദ്ധിക്കുമല്ലോ. 'യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു' എന്നതാണ് ചിന്താവിഷയം.

5-7-26 കാര്യവിചാരകത്വ ഞായറായും 12-7-26 ദൈവശാസ്ത്ര വിദ്യാഭ്യാസ ഞായറായും ആചരിക്കയാണ്. 'തൊഴിലധിഷ്ഠിത ആരാധന ഉദ്യോഗത്താൽ ദൈവത്തെ ആരാധിക്കുക' എന്നതാണ് ഈ മാസത്തെ ചിന്താവിഷയം. നമ്മുടെ തൊഴിലിനെ ഒരു ദൈവവിളിയായി കണ്ടുകൊണ്ട്, ദൈവമേകിയ ഒരു ഉത്തരവാദിത്തമായി (Stewardship) ഏറ്റെടുക്കുന്നതിലൂടെ ദൈനംദിന ജോലികളെ നിരന്തരമായ ഒരു ആരാധനയാക്കി മാറ്റുവാൻ കഴിയുന്നു. നമ്മുടെ കഴിവുകളും സമയവും പ്രവൃത്തികളും ദൈവത്തെ മഹത്വപ്പെടുത്താനായി സമർപ്പിക്കുമ്പോൾ, തൊഴിലിടം

എന്നത് നമ്മുടെ സത്യസന്ധതയും മികവും സേവനമനോഭാവവും ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതുമായ ഒരു കേന്ദ്രമായി മാറുന്നു. ലൗകികമായ അംഗീകാരങ്ങൾക്കപ്പുറം ദൈവത്തോടുള്ള ഉത്തരവാദിത്തത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുമ്പോൾ, നമ്മുടെ അധ്വാനത്തിന് ശാശ്വതമായ മൂല്യം ലഭിക്കുന്നു. ഇത് എല്ലാ പ്രവൃത്തികളിലും അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്താനും മറ്റുള്ളവരെ വിശ്വസ്തതയോടെ സേവിക്കാനും നമ്മെ സഹായിക്കുന്നു. ഈ കാഴ്ചപ്പാട്, കേവലമായ തൊഴിൽപരമായ വളർച്ചയ്ക്കപ്പുറം ദൈവത്തോടുള്ള വലിയൊരു കടപ്പാടിലേക്ക് നമ്മെ നയിക്കുകയും, നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അവിടുത്തെ കൃപയും സത്യവും പ്രകടമാക്കാൻ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ, നമ്മുടെ കഴിവുകളും അവസരങ്ങളും ദൈവത്തിന്റെ ദാനങ്ങളാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ ജോലിയെ കൂടുതൽ അർത്ഥപൂർണ്ണമാക്കികൊണ്ട് വിശ്വസ്തവും ലക്ഷ്യബോധമുള്ളതുമായ ഒരു ജീവിതം നയിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

പ്രാർത്ഥനാഭിവാദ്യങ്ങളോടെ,

**സജി സാം ജോർജ്**

സെക്രട്ടറി

## Area Prayer Meetings

| Date & Time | Area | Name | IDNo. | P. No. | Phone |
|---|---|---|---|---|---|
| **16-07-2026 Thursday** 5:00pm | **PTP Vattiyoorkavu** | Mr. Nebu Mathew | M-002 | 547 | 8281384057 |
| **26-07-2026 Sunday** 4:30pm | **Sreekaryam Pongumoodu** | Mr. K. V. Varghese | V-025 | 557 | 8921450223 |
| **26-07-2026 Sunday** 5:00pm | **Peroorkada** | Mr. Benjamin George | B-014 | 396 | 7736477974 |
| **28-07-2026 Tuesday** 5:00pm | **Nanthencode** | Mr. Abraham John | A-014 | 213 | 9847464608 |
| **31-07-2026 Friday** 4:30pm | **Nanthencode** | Mr. Joseph George | J-161 | 237 | 8078905734 |
| **02-08-2026 Sunday** 4:30pm | **Sreekaryam Pongumoodu** | Mr. Rajan George | R-007 | 452 | 9446396701 |